## 141

1 കരുണനിറഞ്ഞവനേ എന്നെ കരുതും നല്ലവനേ
കരളലിഞ്ഞെന്നും കണ്മണിപോലെ കാത്തിടുമുന്നതനേ

എന്നേശുനാഥാ സ്തോത്രം
സ്തോത്രമെന്നും സ്തോത്രമെന്നും എൻജീവകാലമെന്നും

2 ഇരുളിൻ വഴികളിലും തുണയരുളും വല്ലഭനേ
ഹൃദയം കലങ്ങി മിഴികൾ നനഞ്ഞാൽ കണ്ണീർ തുടപ്പവനേ-

3 ഇരവിൽ മറവിടമേ-പൊൻപുലരിയിൽ മന്നയുമേ
മാറയിൽ മധുവും പാറയിൽ ജലവും സർവ്വവും നീ മാത്രമേ-

4 സ്നേഹത്തിന്നുറവിടമേ-നിന്നെ സ്നേഹിക്കും ഞാനെന്നുമേ
എന്നെയും സ്നേഹിച്ചു ജീവനും തന്ന എന്നേശുനായകനേ-

**G.P.**